# മിഷ്നറിമാർ മലയാളത്തിന്റെ വളർത്തച്ഛന്മാർ

മണ്ണിക്കരോട്ട് (www.mannickarottu.net)

സംസ്ക്കാരത്തിന്റെ സർവതോന്മുഖമായ വികാസത്തിന് ഭാഷയുടെ അനുസ്യൂതമായവളർച്ച അനിവാര്യമാണ്. ഈ തത്വം നേരിലേറ്റാൻ ബഹുദൂരം പിന്നിലേക്ക് കടന്നുചെല്ലേണ്ട കാര്യമില്ല. പത്തൊൻപാതാം നൂറ്റാണ്ടിലെ സാംസ്ക്കാരിക കേരളത്തിലേക്കൊന്നു തിരിഞ്ഞുനോക്കിയാൽ മതിയാകും. ഉച്ചനീചത്വത്തിന്റെ നീരാളിപ്പിടിത്തത്തിൽ ഞെരിഞ്ഞമർന്ന് ഗതിമുട്ടിയ ഒരുകൂട്ടം മനുഷ്യമക്കൾ. ജാതികളും ഉപജാതികളും, അതിനൊത്ത് ഭാഷയിൽ ഭേദങ്ങളും വകഭേദങ്ങളുമായി കേരളം കിരാതലോകത്തിന്റെ കരാളഹസ്തങ്ങളിൽ കലുഷിതമായിരുന്ന കാലം.

പാടത്ത് പണിയെടുക്കുന്നവർക്കും മരപ്പണിക്കാർക്കും ലോഹപ്പണി ക്കാർക്കും എന്നുവേണ്ടാ തൊഴിലിനും ജാതിയ്ക്കുമൊത്ത് ഭാഷയിൽ മാറ്റം. ക്രിസ്ത്യാനിയ്ക്കും നായർക്കും നമ്പൂതിരിക്കും ഭാഷ പലവിധം. ചുരുക്ക ത്തിൽ വികലമായ ഭാഷയും തകർന്ന സംസ്ക്കാരവും കേരളത്തെ ഗ്രസിച്ചു. ഇത്തരം നശീകരണ പ്രവണതകൾ ജനങ്ങളിലുണ്ടാക്കുന്ന വിപത്തുകൾ വിദേശിയരായ മിഷ്നറിമാർ മനസ്സിലാക്കി. ബഹുമുഖമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടായാലും അതിനെതിരെ പ്രവർത്തിക്കാൻതന്നെ അവർ തീരുമാനിച്ചു.

ഭാഷയുടെ വളർച്ചയ്ക്കും സത്വരമായ പ്രയോഗത്തിനും ശാസ്ത്രീയമായി നിർമ്മിച്ച ശബ്ദകോശങ്ങളും വ്യാകരണഗ്രന്ഥങ്ങളും ഉണ്ടാകണം. ഈ യാഥാർത്ഥ്യമാണ് വിദേശമിഷ്നറിമാർ മനസ്സിലാക്കിയതും അതിനുമുമ്പ് മറ്റാരും മനസ്സിലാക്കാതിരുന്നതും. ഇൻന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിലെത്തിയ മിഷ്നറിമാരെല്ലാം ഭാഷയുടെയും സംസ്ക്കാരത്തിന്റെയും വളർച്ചയ്ക്ക് പ്രത്യേകം ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്തവരാണ്. അടിസ്ഥാനപരമായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇതു സാധിക്കുകയുള്ളുവെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ട് വിദ്യാഭ്യാസത്തിന് അവർ പ്രത്യേകം ഊന്നൽ നൽകി. അങ്ങനെ കേരളത്തിൽ വിദ്യാഭ്യാസത്തിനും ഭാഷയ്ക്കും സംസ്ക്കാരത്തിനും അവർ ശക്തമായ അടിത്തറപാകി.

മലയാളഭാഷയുടെ ശാസ്ത്രീയമായ വളർച്ചയ്ക്കും അത് സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പ്രവർത്തിച്ച ധാരാളം മിഷ്നറിമാരുണ്ട്. അവരിൽ വളരെ പ്രധാനപ്പെട്ട ചിലരുടെ സംക്ഷിപ്ത സംഭാവനകൾ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

ബഹുഭാഷാപണ്ഡിതനായ അർണോസ് പാതിരിയാണ് കേരളത്തിൽ ഭാഷയ്ക്ക് ശക്തമായ അടിത്തറ പാകുന്നതും അതിൽ അനിഷേധ്യമായ സാഹിത്യമഹാസൗധങ്ങൾക്കു തുടക്കമിടുന്നതും. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് യൊവാൻ എണെസ്റ്റ് ഹാങ്സിഡെൻ (Johann Earnst Hanxleden) എന്നാണ്. ഇതിൽ എണെസ്റ്റിന്റെ മലയാളം പതിപ്പാണ് അർണ്ണോസ്. ക്രമേണ അദ്ദേഹം ആപേരിൽ തന്നെ അറിയപ്പെടാനും തുടങ്ങി (അർണോസ് പാതിരി). 1681–ൽ ജർമ്മനിയിൽ ജനിച്ച എണെസ്റ്റ് 1700 ഡിസംബറിൽ സൂറ്റിലും (ഗോവ) പിന്നീട് കേരളത്തിലും എത്തുകയാ യിരുന്നു. 1706–ൽ അദ്ദേഹം ഒരു ജസ്യൂട്ട് വൈദികനായി. അതിബുദ്ധിമാനായിരുന്ന എണെസ്റ്റ് വൈദീകപഠന കാലത്തുതന്നെ മലയാളം ശരിയായി പഠിച്ചു. അതോടൊപ്പം തമിഴ്, സംസ്കൃതം, ലാറ്റിൻ, സിറിയക്, പോർട്ടുഗീസ് എന്നീ ഭാഷകളും വശമാക്കി.

അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി ഭാഷയ്ക്ക് ഗദ്യത്തിലും പദ്യത്തിലും പല ഗ്രന്ഥങ്ങൾ ലഭിച്ചു. എഴുത്തച്ഛന്റേയും പൂന്താനത്തിന്റേയും സാഹിത്യലോകത്തിലൂടെ അദ്ദേഹം സഞ്ചരിച്ചു. അത്തരത്തിലുണ്ടായ കൃതികളാണ് പുത്തൻ പാന, ചതുരന്ത്യം (നാലു പർവം – കവിത), ദൈവമാതൃചരിത്രം, മിശിഹാചരിത്രം, ആത്മാനു താപം, അമ്മയുടെ ദുഃഖം എന്നിവ. കൂടാതെ മലയാളം പോർട്ടുഗീസ് നിഘണ്ടു, മലയാള വ്യാകരണം, സംസ്കൃതം പോർട്ടുഗീസ് നിഘണ്ടു, സംസ്കൃത വ്യാകരണം തുടങ്ങി നിരവധി ഗ്രന്ഥങ്ങളാണ് അദ്ദേഹം കൈരളിയ്ക്കു സമ്മാനിച്ചത്.

മലയാളം, തമിഴ്, തെലുങ്ക്, കന്നട എന്നീ ദ്രാവിഡഭാഷകൾ പഠിച്ച് വിശദമായ ഗവേഷണം നടത്തി താരത മ്യാധിഷ്ഠിതമായ വ്യാകരണഗ്രന്ഥം രചിച്ച ഒരു മിഷനറിയുണ്ട്. അദ്ദേഹമാണ് ഐറിഷുകാരനായ ബിഷപ്പ് റോബർട് കാൽഡ്വൽ (Robert Caldwell). ബിഷപ്പ് കാൽഡ്വൽ 1814–ൽ വടക്കെ ഐയർലൻഡിൽ ജനിച്ചു. അദ്ദേഹം തന്റെ 24–ാമത്തെ വയസ്സിൽ (1838) പ്രേക്ഷിത പ്രവർത്തനത്തിന് ലണ്ടൻ മിഷൻ സൊസൈറ്റിയുടെ (LMS) ഭാഗമായി മദ്രാസിലെത്തി. കാൽഡ്വൽ തിരുവിതാംകൂറിലെ ലണ്ടൻ മിഷൻ പ്രവർത്തകനായ പ്രസിദ്ധ ചാൾസ് മോൾട്ടിന്റെ (Charles Mault) മകൾ എലിസയെ വിവാഹം കഴിച്ചു. എലിസ തിരുവിതാംകൂറിലും തിരുനൽവേലിയിലും സ്ത്രീക ളുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനും വേണ്ടി വളരെ പ്രയത്നിച്ച ഒരു മഹിളാരത്നമാണ്.

തമിഴ് ശരിയായി പഠിച്ചെങ്കിൽ മാത്രമേ മദ്രാസിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളുവെന്ന് കാൽഡ്വൽ മനസ്സി ലാക്കി. ഈ അറിവ് സമഗ്ര ദ്രാവിഡഭാഷാപഠനത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. ദ്രാവിഡഭാഷ സംസ്കൃതത്തിൽനിന്നും മറ്റ് ആര്യഭാഷകളിൽനിന്നും വ്യത്യസ്ഥമാണെന്നും ദ്രാവിഡഭാഷകൾക്ക് സ്വന്തമായ വ്യക്തിത്വമുണ്ടെന്നും അദ്ദേഹം ജനങ്ങളെ മനസ്സിലാക്കിച്ചു. അതിനുവേണ്ടി താളിയോലഗ്രന്ഥങ്ങൾ, സംഘകാലസാഹിത്യം (BC 300 to AD 600), ഉൽഖനനം (excavation) മുതലായ വിപുലവും വ്യാപ്തവുമായ ഗവേഷണങ്ങൾ നടത്തി. അങ്ങനെ ശക്തിയുക്തവും

വ്യക്തവും വ്യാപ്തവുമായ തെളിവുകളോടെയാണ് കാൽഡ്വൽ ദ്രാവിഡഭാഷകളെക്കു റിച്ച് പഠിപ്പിച്ചതും ഗ്രന്ഥങ്ങൾ രചിച്ചതും.

ആംഗ്ളിക്കൻ സഭയുടെ ഭാഗമായ ചർച്ച് മിഷനറി സൊസൈറ്റി (CMS)യിലെ മിഷ്നറിമാർ തിരുവിതാംകൂറിൽ വന്നതോടെയാണ് ബൈബിളിന്റെ മലയാള വിവർത്തനം ആരംഭിച്ചത്. അതേസമയംതന്നെ ജർമ്മൻ മിഷ്നറിമാർ മലബാറിലും ബൈബിൾ വിവർത്തനം തുടങ്ങിയിരുന്നു. ബൈബിളിന്റെ മലയാള വിവർത്തനത്തിന് എക്കാലവും അറിയപ്പെടുന്ന വ്യക്തിയാണ് പ്രസിദ്ധനായ ആംഗ്ളിക്കൻ മിഷനറി ബൻജെമിൻ ബെയ്ലി (Benjamin Bailey). അദ്ദേഹത്തെക്കുറിച്ച് കൂടുതലായി അറിയുന്നതിന് മുമ്പ്, അന്നത്തെ കേരള ചരിത്രവും പ്രസിദ്ധരായ മറ്റു ചില സി.എം.സ്. മിഷനറി മാരെക്കുറിച്ചും വളരെ ചുരുക്കമായി മനസ്സിലാക്കേണ്ടതുണ്ട്.

അക്കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്നത് മഹാറാണി ആയില്യം തിരുനാൾ ഗൗരി ലക്ഷ്മി ഭായ് ആയിരുന്നു. മകൻ സ്വാതിതിരുനാളിനുവേണ്ടി രാജപ്രതിനിധിയായിട്ടാണ് അവർ ഭരിച്ചത്. വേലുതമ്പി ദളവായ്ക്കുശേഷം ഉമ്മിണി തമ്പി ദിവാനായി, കൊട്ടാരം അഴിമതിയിൽ കൂപ്പുകുത്തിയിരുന്ന കാലം. മഹാറാണി, ഉമ്മിണി തമ്പിയെ തൽസ്ഥാന ത്തുനിന്നു മാറ്റി പകരം കേണൽ ജോൺ മൺറൊയെ (മൺറൊ സായിപ്പ്) ദിവാനായി നിയമിച്ച് അധികാരം ഏല്പിച്ചു. ഭക്തനും ആംഗ്ളിക്കൻ സഭാംഗവുമായിരുന്ന മൺറൊ സായിപ്പ് സുറിയാനി കൃസ്ത്യാനികളുടെ പുരോഗമനത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി പരിശ്രമിക്കാൻ ഈ അവസരം ശരിക്കും ഉപയോഗിച്ചു. ക്രിസ്ത്യാനികൾക്കും മുസ്ലിംങ്ങൾക്കും മറ്റ് അധഃകൃതജാതിക്കാർക്കും ഏർപ്പെടു ത്തിയിരുന്ന തലക്കരം, പെരുനാൾ കരം മുതലായ കരങ്ങൾ (taxes) നിറുത്തലാക്കിയത് അദ്ദേഹത്തിന്റെ കാലത്താണ്.

മൺറൊ ബൈബൾ വിവർത്തനത്തിൽ കൂടുതൽ താല്പര്യം കാണിച്ചു. അതിനായി പല മിഷ്നറിമാരേയും തരുവിതാംകൂറിൽ കൊണ്ടുവന്നു. അക്കൂട്ടത്തിൽ പ്രസിദ്ധനാണ് റവ. തോമസ് നോർട്ടൺ. അദ്ദേഹവും മറ്റുചില മിഷ്നറി മാരും ചേർന്ന് ബൈബിൾ വിവർത്തനത്തിന് വളരെ പരിശ്രമിച്ചെങ്കിലും ഭാഷയിലുള്ള പരിമിതമായ അറിവ് അവരുടെ ഉദ്യമവും പരിമിതമാക്കി. ഇതിന് സമൂലമാറ്റം വരുത്തിക്കൊണ്ട് സമഗ്രവും സൂഷ്മവും അന്നത്തെ രീതിയിൽ മലയാള ഭാഷയുടെ തനതായ മൂല്യവും ഉൾക്കൊണ്ട് വിവർത്തനം നിർവഹിച്ച ഒരു മഹാപ്രതിഭയാണ് റവ. ബൻജെമിൻ ബെയ്ലി.

ബെയ്ലി 1791-ൽ ഇംഗ്ലണ്ടിൽ ജനിച്ചു. അദ്ദേഹം 1816-നൊവംബറിൽ ആലപ്പുഴയെത്തി. ബൈബിൾ വിവർത്തനം അതിന്റെ പൂർണ്ണതിയിലെത്തിക്കുന്നതിന് അദ്ദേഹത്തിന് വളരെയേറെ ക്ലിഷ്ടസമസ്യകളിലുടെ കടന്നുപോകേണ്ടിയിരുന്നു. പുതുതായി കേരളത്തിലെത്തിയ അച്ചടിയെന്ത്രത്തിന്റെ പ്രവർത്തനത്തിലും ഏറെ ബുദ്ധിമുട്ടുകളുണ്ടായി. അതെല്ലാം തരണം ചെയ്ത് 1825-ൽ വി. മത്തായിയുടെ സുവിശേഷവും 1829-ൽ പുതിയ നിയമവും 1841-ൽ സമ്പൂർണ്ണ ബൈബിളും ബെയ്ലി മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഇതുകൂടാതെ നിഘ ണ്ടുക്കളും മറ്റ് കൃതികളുമായി പതിന്നാല് പുസ്തകങ്ങൾകൂടി അദ്ദേഹം കൈരളിയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. ബെൻജെമിൻ ബെയ്ലി 1871-ൽ നിര്യാതനായി.

മലയാളഭാഷയ്ക്ക് അവിസ്മരണീയവും അപരിമേയവുമായ സംഭാവനകൾ ചെയ്തിട്ടിള്ള ഒരു അതുല്ല്യപ്രതി ഭയാണ് ഹെർമ്മൻ ഗുണ്ടർട്ട്. ഭാഷയുടെ അടിസ്ഥാനം അരക്കിട്ടുറപ്പിക്കാനും അതുവരെ ഉണ്ടാ യിരുന്ന അറ്റകുറ്റങ്ങളെല്ലാം നികത്തി, ബഹുമുഖമായ ഗവേഷണങ്ങളിലൂടെയും ഗഹനമായ പഠനങ്ങളിലൂടെയും പൂർണ്ണമായ ഒരു നിഘണ്ടുവും വ്യാകരണവും നിർമ്മിക്കാൻ ഗുണ്ടർട്ടിനു കഴിഞ്ഞു.

ഗുണ്ടർട്ട് 1814-ൽ ജർമ്മനിയിൽ ജനിച്ചു. അദ്ദേഹം 1837-ൽ മദ്രാസിലെത്തി. അവിടെവച്ച് തമിഴിലും പിന്നീട് കന്നഡയിലും പ്രാവീണ്യംനേടി. തുടർന്ന് കേരളത്തിലേക്ക് യാത്ര തുടരുകുയായിരുന്നു. ഭാഷയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും ഓരോ സ്ഥലത്തെ പ്രത്യേക വാക്കുകളും ശൈലികളും നേരിട്ടു മനസ്സിലാക്കുന്ന തിനുമായി അദ്ദേഹം കേരളമെങ്ങും സഞ്ചരിച്ചു. 1868-ൽ മലയാള വ്യാകരണവും 1872-ൽ മലയാളം ഇംഗ്ലീഷ് നിഘണ്ടുവും പ്രസിദ്ധീകരിച്ചു. കൂടാതെ ആത്മീയപരമായ മറ്റ് പല ഗ്രന്ഥങ്ങളും അദ്ദേഹം പസിദ്ധപ്പെടുത്തി യിട്ടുണ്ട്. ഭാഷയിൽ അന്നുവരെ ഉണ്ടായിരുന്ന എല്ലാ വൈകല്യങ്ങളും മാറ്റി ശുദ്ധമായ ഭാഷയിൽ സമ്പൂർണ്ണ ബൈബിൾ വിവർത്തനം ചെയ്തതായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന നേട്ടം. ഗുണ്ടർട്ട് 1893-ൽ നിര്യാതനായി.

ഇൻഡ്യയിൽ ആദ്യമായി അച്ചടിവിദ്യ ആരംഭിക്കുന്നതും മിഷ്നറിമാരാണ്. 1847-ൽ ഗുണ്ടർട്ടു തുടങ്ങിയ 'രാജ്യസമാചാരം' കേരളത്തിലെ പ്രഥമ വർത്തമാനപ്പത്രമാണ്. അതിനുശേഷം അദ്ദേഹം 'പശ്ചിമോദയം' എന്ന മറ്റൊരു പത്രവും പ്രസിദ്ധീകരിച്ചു. (ഇൻഡ്യയിലെ ആദ്യത്തെ ലക്ഷണമൊത്ത ഒരു സഞ്ചാരസാഹിത്യം പാറേമ്മാക്കൽ തോമ്മാ കത്തനാർ (സ്വദേശി) രചിച്ച 'വർത്തമാനപ്പുസ്തകം' എന്ന കൃതിയാണ്. 1778-1786 കാലങ്ങളിൽ അദ്ദേഹവും കരിയാറ്റിൽ യൗസേപ്പ് മെത്രപ്പോലിത്തായും ചേർന്ന് മാർപ്പാപ്പായെ കാണാനായി നടത്തിയ ലിസ്ബൺ-റോമ്മാ യാത്രയുടെ വിവരണ മാണ് ഈ കൃതി. സാഹസികവും ക്ലേശകരവുമായ അവരുടെ കപ്പൽയാത്രയിലെ അനുഭവങ്ങളും അതോടൊപ്പം ആഫ്രി ക്ക, തെക്കെ അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളെ ക്കുറിച്ചുള്ള വർണ്ണനകളും ഈ കൃതിയിൽ ഉൾപ്പെടുത്തിയി രിക്കുന്നു).

മിഷ്നറിമാർ കേരളത്തിലെ വിദ്യാഭ്യാസ വികസനത്തിനായി ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണ്. മറ്റൊരുരു ചെറിയ ഉദാഹരണംകൂടി ഇവിടെ എടുത്തുകാണിയ്ക്കാം. 1821-ൽ സി.എം.സ്. മിഷ്നറിമാർ കേട്ടയത്തു തുടങ്ങിയ ഗ്രാമർസ്ക്കൂളാണ് ഇന്നത്തെ പ്രസിദ്ധമായ സി.എം. എസ്. കോളജ്. കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസ ത്തിന് തുടക്കമിടുന്നതും അവർതന്നെ. ഇന്ന് കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസത്തിന്റെ പ്രധാനകാരണം

മിഷ്നറിമാരാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവർ പ്രത്യേകം ശ്രദ്ധിച്ചു. ഇൻഡ്യയിൽ പുരാതന കാലം മുതൽ ഗുരുകുല വിദ്യാഭ്യാസസമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ അത് രാജാക്കന്മാന്മാരിലും ഒരു കൂട്ടം വരേണ്യവർഗ്ഗത്തിലും മാത്രം ഒതുങ്ങിയിരുന്നു. ഇന്ന് കേരളത്തിൽ കുട്ടികൾ വിദ്യാഭ്യാസം തുടങ്ങുന്നത് പള്ളി ക്കൂടത്തിലാണ്. പള്ളിയ്ക്കൊപ്പം കുടിൽകെട്ടിയായാലും തുടങ്ങിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തുടർച്ചയാണിത്. അത്രമേൽ മിഷ്നറിമാരുടെ സംഭാവനകൾ കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടു ണ്ടെന്നുള്ളത് പകൽപോലെ സത്യമാണ്. ഈ സത്യത്തിന്റെ അടിത്തറയിൽ ചവിട്ടിനിന്നുകൊണ്ടാണ് ചില കപടരാഷ്ട്രീയക്കാർ വികല വിമർശനങ്ങളുമായി കേരളത്തിലെ ക്രിസ്തീയ വിദ്യാഭ്യാസത്തിനെതിരെ വിരൽ ചൂണ്ടുന്നത്.

മിഷ്നറിമാർ കേരളത്തിൽ ഭാഷയ്ക്കും വിദ്യാഭ്യാസത്തിനും, കേരളത്തിന്റെ സമൂലമായ സാംസ്ക്കാരിക പുരോഗതിയ്ക്കും ചെയ്തിട്ടുള്ള സംഭാവനാസാഗരത്തിലെ ഒരു തുള്ളിമാത്രമെ ഇവിടെ എനിക്ക് എടുത്തുകാണിയ്ക്കാൻ കഴിഞ്ഞിട്ടുള്ളു. ആ മഹാസാഗരം ഇനിയും ബാക്കികിടക്കുന്നു. കടന്നുചെല്ലുക.